പതിമൂന്നാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

| | |
|---|---|
| നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം<br>നം. 792 | 02.12.2015- ൽ മറുപടി<br>നല്കേണ്ടത്. |

**മനോരോഗികളെ കണ്ടെത്തുന്നതിനും ചികിത്സിക്കുന്നതിനുമുള്ള സംവിധാനം**

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | **ശ്രീ.എ. പ്രദീപ്കുമാർ** | | ശ്രീ. വി. എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) |
| എ) | മനോരോഗികളെ കണ്ടെത്തുന്നതിനും ചികിത്സിക്കുന്നതിനുമുള്ള സംവിധാനം എല്ലാ ജില്ലകളിലും നടപ്പിലാക്കുന്നതാണെന്ന 2012-13 -ലെ ബഡ്ജറ്റ് പ്രഖ്യാപനത്തിന്റെ അടിസ്ഥാനത്തിൽ കൈക്കൊണ്ട നടപടികൾ എന്തൊക്കെയെന്ന് അറിയിക്കുമോ : | എ) | മനോരോഗികളെ സംരക്ഷിക്കുന്നതിനും ചികിത്സിക്കുന്നതിനുമായി ജില്ലാ മാനസികാരോഗ്യ പരിപാടി (ഡി.എം.എച്ച്.പി), സാമൂഹ്യ മാനസികാരോഗ്യ പരിപാടി (സി.എം.എച്ച്.പി) എന്നിവയാണ് നിലവിലുള്ള പ്രധാന മാനസികാരോഗ്യ പരിപാടികൾ. ഇത് എല്ലാ ജില്ലകളിലും നടപ്പിലാക്കുകയും തുടർന്നുവരികയും ചെയ്യുന്നു.<br>രോഗവിമുക്തി നേടിയ മനോരോഗികളെ പുനരധിവസിപ്പിക്കുന്നതിലേക്കായി സമഗ്ര മാനസികാരോഗ്യ പരിപാടിയുടെ ഭാഗമായി എല്ലാ ജില്ലകളിലും ഡേ-കെയർ സെന്ററുകൾ പ്രവർത്തനമാരംഭിച്ചിട്ടുണ്ട് |
| ബി) | പ്രസ്തുത പദ്ധതി ഏതെല്ലാം ജില്ലകളിൽ നടപ്പിലാക്കിയിട്ടുണ്ട്; ഓരോന്നിന്റെയും വിശദാംശം ലഭ്യമാക്കുമോ? | ബി) | ജില്ലാ/സമൂഹ്യ മാനസികാരോഗ്യ പരിപാടി എല്ലാ ജില്ലകളിലും നടപ്പിലാക്കിക്കഴിഞ്ഞു. തിരുവനന്തപുരം, തൃശ്ശൂർ, ഇടുക്കി, വയനാട്, കണ്ണൂർ ജില്ലകളിൽ കേന്ദ്രസർക്കാരിന്റെ ആഭിമുഖ്യത്തിൽ നടപ്പിലാക്കിയ ജില്ലാ മാനസികാരോഗ്യ പരിപാടിയും മുടക്കമില്ലാതെ തുടരുന്നതിനുള്ള നടപടികൾ സ്വീകരിച്ചു. കൂടാതെ കൊല്ലം, ആലപ്പുഴ എന്നീ ജില്ലകളിൽ സംസ്ഥാന സർക്കാരിന്റെ ആഭിമുഖ്യത്തിൽ ജില്ലാ മാനസികാരോഗ്യ പരിപാടിയും നടപ്പിലാക്കിക്കഴിഞ്ഞു.<br>പത്തനംതിട്ട, കോട്ടയം, എറണാകുളം, പാലക്കാട്, മലപ്പുറം, കോഴിക്കോട്, കാസർഗോഡ് ജില്ലകളിൽ നാഷണൽ ഹെൽത്ത് മിഷന്റെ ആഭിമുഖ്യത്തിൽ നടത്തിവരുന്ന സാമൂഹ്യ മാനസികാരോഗ്യ പരിപാടി തുടരുവാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട് എല്ലാ ജില്ലകളിലും നോഡൽ സെന്ററുകളും, നോഡൽ ഓഫീസർമാരെയും നിയമിച്ചിട്ടുണ്ട് |

സെക്ഷൻ ഓഫീസർ